നിർമ്മിക്കാനുള്ള നടപടികളും സ്വീകരിക്കുന്ന അവസരത്തിലും അഞ്ചു തൊഴിലാളികളും പണിയെടുക്കേണ്ട സ്ഥലത്ത് 50 തൊഴിലാളികളുമായി ചെന്ന് യൂണിയൻ നേതാക്കന്മാർ ശല്യപ്പെടുത്തുകയും സമ്മർദ്ദം ചെലുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ അടിക്കടി വർദ്ധിച്ചു വരികയാണ്. ഒരു വീടു വയ്ക്കാനുള്ള അവസരംപോലും നിഷേധിക്കുന്ന തരത്തിലുള്ള പ്രവർത്തനമാണ് അവിടെ നടക്കുന്നത്. അസംഘടിതരായ ഇത്തരം വിഭാഗക്കാർക്ക് അവർക്ക് ഇഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് വീടു പണി നടത്തുന്നതിന് ആവശ്യമായ സംരക്ഷണം ഗവൺമെൻറിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്നു ബഹുമാനപ്പെട്ട അഭ്യന്തര വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, സാധാരണക്കാരായ ആളുകൾ പണം കടം വാങ്ങിയും മറ്റും വീടു വയ്ക്കുമ്പോൾ എതെങ്കിലും തൊഴിൽ തർക്കമുണ്ടാക്കി അത് മുടക്കാൻ ശ്രമിക്കുന്നതിനെ യാതൊരു കാരണവശാലും പ്രോൽസാഹിപ്പിച്ചുകൂടാ. അതാണ് ഗവൺമെൻറിന്റെ നയവും സമീപനവും. ആലപ്പുഴയുണ്ടായ സംഭവത്തെക്കുറിച്ച് പരാതി ലഭിച്ചപ്പോൾതന്നെ ജില്ലാ പോലീസ് സൂപ്രണ്ടിനോടും മറ്റു ഉദ്യോഗസ്ഥൻമാരോടും ഇങ്ങനെ എന്തെങ്കിലും തരത്തിലുള്ള പരാതി കിട്ടിയാൽ അടിയന്തിര നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വീടു വയ്ക്കാൻ ശ്രമിക്കുന്ന സാധാരണക്കാരായ ആളുകൾക്ക് എല്ലാവിധത്തിലുള്ള സംരക്ഷണവും കൊടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരുക്രമവും പിടിച്ചുപറിയും ഗവൺമെൻറ് അനുവദിക്കുന്നതല്ല.

(3) വനം കുടിയേറ്റക്കാരെ ഒഴിപ്പിക്കൽ

ശ്രീ. ജി. വരദൻ : சார், வனம் வகுப்பு அமைச்சருடைய கவனத்திற்காக நான் சிலவற்றைக் கூறப்போகிறேன். தேவிகுளம் தொகுதியிலும் உடும்பன்சோலை தொகுதியிலும் வெள்ளத்தூவல், பள்ளிவாசல், சின்னச்சானல் என்று 3 பஞ்சாயத்துகள் உள்ளன. இந்த பஞ்சாயத்துகளில் குறைந்தது 6,000 குடும்பங்கள் உள்ளன. அந்த ஏரியா முழுவதையும் கிராமங்களையும் பஞ்சாயத்துகளையும் வனம் வகுப்புக்கு எடுத்து அந்த ஜனங்களை அங்கிருந்து குடியிறக்கப்போகிறார்கள் என்ற பயத்தில் இருக்கிறார்கள். அந்த மக்கள் 40 ஆண்டுகளுக்கு முன்னால் நட்டு வளர்த்திய மரங்களை வெட்டுவதற்கு அவர்களுக்கு உரிமை கொடுக்கவில்லை. ஆகையால் அங்குள்ள மக்கள் எந்த நேரத்தில் நம்மை குடியிறக்கப்போகிறார்களோ என்று பயந்து கொண்டிருக்கிறார்கள். இதுசம்பந்தமாக ஜில்லா கலக்டர் பத்திரிகையில் ஒரு ஸ்டேட்மென்டு கொடுத்திருந்தார். "அவர்களையெல்லாம் குடியிறக்கப்போகிறோம். ஆகையால் ஒன்றும் செய்யக்கூடாது" என்று அவர் கூறியிருக்கிறார். எனவே அங்குள்ள மக்கள் பயந்து வாழ்கிறார்கள். சார், அவர்களை குடியிறக்கக்கூடாது. அவர்களுடைய உரிமைகளை பாதுகாப்பதற்கான நடவடிக்கைகளை எடுக்கவேண்டுமென்று கேட்டுக்கொள்கிறேன்.

வனம் வகுப்புமന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച ആശങ്കയ്ക്ക് യാതൊരടിസ്ഥാനവുമില്ല. നിബിഡ വനങ്ങൾക്കുള്ളിലെ ചില പോക്കറ്റുകളിലുള്ള കൈവശങ്ങൾ ഏറെടുത്ത് അത് കൃഷിക്കാരുടെ ജീവിതസൗകര്യം മെച്ചപ്പെടുത്തത്തക്കവിധത്തിലും വനസംരക്ഷണത്തിനുവേണ്ട വിധത്തിലും സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറിനുണ്ട്. പക്ഷേ ഈ പറഞ്ഞ പ്രദേശങ്ങളിലെ ഭൂമി റിസർവ് വനം അല്ല. അതുകാരണം അവിടത്തെ കൃഷിക്കാരെ ഒഴിപ്പിക്കുന്ന പ്രശ്നവുമില്ല. ഈ മൂന്നു പഞ്ചായത്തു പ്രദേശങ്ങളിലെയും ഭൂമിയിലെ മരം

LIBRARY ARCHIVES Kerala Legislative Assembly

മുറിക്കുന്നതിനെത്തുടർന്ന് ഗവൺമെൻറിന് ഭീമമായ നഷ്ടമുണ്ടാകുന്നു. ഉരുൾപ്പൊട്ടലുകളും മണ്ണൊലിപ്പുമുണ്ടാകുന്നതിനെത്തുടർന്ന് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നതുകൊണ്ട് അവിടങ്ങളിലെ മരം മുറിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്. യാതൊരു കാരണവശാലും കർഷകരെ ഒഴിപ്പിക്കുന്ന ഒരു പദ്ധതി ഇപ്പോൾ ഗവൺമെൻറിൻെറ മുമ്പിലില്ല.

(4) കളമശ്ശേരി ടി. സി. എം. കമ്പനിയിലെ തൊഴിൽ പ്രശ്നം

ശ്രീ. ബെന്നി ബഹനാൻ : സർ, കളമശ്ശേരി ടി. സി. എം. കമ്പനി കഴിഞ്ഞ 60 ദിവസത്തിലധികമായി പൂട്ടിക്കിടക്കുകയാണ്. 600-ലധികം വരുന്ന തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. ഈ കമ്പനിയിലെ തൊഴിലാളികളും മാനേജുമെൻറുമായി ഏകദേശം ഇരുപതോളം കോൺഫറൻസുകൾ കഴിഞ്ഞിരിക്കുകയാണ്. അദ്ധ്വാനഭാരം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തൊഴിലാളികൾ തത്വത്തിൽ അംഗീകരിച്ചിട്ടുപോലും മാനേജുമെൻറിൻെറ പിടിവാശിമൂലം ഇന്നും ആ കമ്പനി തുറക്കാൻ സാധിച്ചിട്ടില്ല. 600-ലധികം തൊഴിലാളികൾ പട്ടിണികിടക്കുന്ന ഈ അവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായി ടി. സി. എം. കമ്പനിയിലെ തൊഴിൽത്തർക്കം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതുപോലെ ഇരുപതോളം കോൺഫറൻസുകൾ വച്ചിട്ടുണ്ട്. കമ്പനിയിലെ പ്രൊഡക്ഷൻ കുറഞ്ഞതുമൂലം 25 ലക്ഷം രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത് അതാണ് സ്ഥിതി. അതുകൊണ്ട് അദ്ധ്വാനഭാരം വർദ്ധിപ്പിക്കണമെന്നു പറഞ്ഞു. ഒരു യൂണിയൻ മാത്രം അത് സമ്മതിച്ചില്ലെന്നുള്ള ഒറ്റക്കാരണംകൊണ്ട് നീണ്ടുപോയതാണ്. അടുത്ത ദിവസവും കോൺഫറൻസ് വച്ചിട്ടുണ്ട്. അത് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(5) മിച്ചഭൂമി വിതരണത്തിലെ അഴിമതിയും ക്രമക്കേടും

ശ്രീ. എം. ജിനദേവൻ : സർ, ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഈയടുത്തകാലത്തു നടന്ന മിച്ചഭൂമി വിതരണത്തിൽ വ്യാപകമായ അഴിമതിയും ക്രമക്കേടും നടന്നതായി ആക്ഷേപമുണ്ട്. മാർച്ച് 7-ാം തീയതിയിലെ മലയാള മനോരമ പത്രത്തിൽ "ഹൈറേഞ്ചിൽ അഴിമതിയുടെ കരിംഭൂതം" എന്ന തലക്കെട്ടിൽ ഒരു ഫീച്ചർ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവിടെ ആർ. ബി. ടി. കമ്പനി, സാഗൺ ആഗ്രോ ഇൻഡസ്ട്രീസ്, ഹാപ്പിവാലി ഡിവിഷൻ എസ്റ്റേറ്റ് തുടങ്ങിയ പൻകിട തോട്ടങ്ങളുടെ കൈവശമിരുന്ന മിച്ചഭൂമി ഈയടുത്ത കാലത്ത് ഗവൺമെൻറ് ഏറെറടുക്കുകയുണ്ടായി. ആർ. ബി. ടി. കമ്പനിയുടെ കൈവശമിരുന്ന 1444 ഏക്കർ മിച്ചഭൂമിയാണ് 1976 സെപ്തംബറിൽ ഏറെറടുക്കാൻ ഉത്തരവായത്. ഹൈക്കോടതിയിൽ അപ്പീൽ ഉണ്ടായിരുന്നു. ആ അപ്പീൽ തള്ളിയതിനെത്തുടർന്നാണ് ഈ കഴിഞ്ഞ സെപ്തംബർ മാസത്തിൽ പ്രസ്തുത ഭൂമി ഏറെറടുത്തത്. ഈ ഭൂമിയുടെ വിതരണത്തിൽ വ്യാപകമായ അഴിമതിയും ക്രമക്കേടും ഉണ്ടായിട്ടുണ്ട്. ജനിക്കാത്തവർക്കും ജീവിച്ചിരിക്കാത്തവർക്കും ഈ ഭൂമി കിട്ടിയിട്ടുണ്ടെന്ന ആക്ഷേപമുണ്ട്. അതുപോലെതന്നെ അർഹരായ അനേകമാളുകളെ മാററി നിറുത്തിക്കൊണ്ടു അനർഹരായ പലർക്കും ഭൂമി കൊടുത്തിട്ടുണ്ടെന്നാണ് പറയുന്നത്. മിച്ചഭൂമി വിതരണത്തിൽ അവശ്യം പാലിച്ചിരിക്കേണ്ട—ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും മുൻഗണന നൽകണമെന്ന വ്യവസ്ഥ—ആ തത്വം പോലും

LIBRARY ARCHIVES Kerala Legislative Assembly